നം: എച്ച്.614/2021

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ.,
തിരുവനന്തപുരം-3,
തീയതി:06/05/2021.

## ക്വട്ടേഷൻ നോട്ടീസ്

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണമായ കേരളകർഷകൻ മാസികയുടെ ജൂൺ 2021 ലക്കം മുതൽ മെയ് 2022 ലക്കം വരെയുള്ള ഒരു വർഷത്തെ കാലയളവിൽ ഡി.റ്റി.പി ചെയ്ത മാറ്റർ, പേജ് മേക്കർ/ഇൻ ഡിസൈൻ ഉപയോഗിച്ച് രൂപകൽപ്പന ചെയ്തു തരുന്നതിന് ഈ ജോലിയിൽ പ്രാഗത്ഭ്യമുള്ളവരിൽ നിന്നും മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു. പേജുകൾ മനോഹരമായും കൃത്യനിഷ്ഠയോടും കൂടി സമയബന്ധിതമായി രൂപകൽപ്പന ചെയ്തു തരാൻ കഴിവുള്ളവർ മാത്രം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. കമ്പ്യൂട്ടർ ഗ്രാഫിക്സിൽ അറിവും പ്രവൃത്തി പരിചയവും ഉള്ളവർക്കും മുൻഗണന. പേജ് മേക്കർ, ഫോട്ടോ ഷോപ്പ്, കോറൽ ഡ്രോ എന്നിവ അറിഞ്ഞിരിക്കണം. മറ്റു സമാനമാസികകൾ ചെയ്തുള്ള പരിചയ സമ്പത്ത് പരിഗണിക്കും.

പ്രസിദ്ധീകരണത്തിന്റെ വലുപ്പം - 26x19 cm
പേജുകളുടെ എണ്ണം - 72 പേജ് + 4 കവർ പേജ് (കളർ)

ലേ-ഔട്ടിനുള്ള മാറ്റർ ലഭ്യമാക്കിയാൽ അത് നിർബന്ധമായും സമയബന്ധിതമായും ചെയ്തു നൽകണം. എല്ലാ മാസവും അഞ്ചാം തീയതിയ്ക്കു മുമ്പായി ഒന്നാം പ്രൂഫും മേലുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണം വേണ്ട തിരുത്തലുകൾ /മാറ്റങ്ങൾ വരുത്തി അന്തിമ പ്രൂഫും 15-ാം തീയതിയ്ക്കു മുമ്പായി ജോലി തീർത്തു നൽകണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടെ ഈ ജോലി പൂർത്തീകരിക്കാൻ ഫാം ഇൻഫർമേഷൻ ബ്യൂറോയിലുള്ള ഉപകരണങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഒരു ലക്കത്തിന്റെ കവർ ഡിസൈൻ, ലേ-ഔട്ട് എന്നിവയ്ക്കായി നിരക്ക് അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തണം. ഈ നിരക്കിന് ജൂൺ 2021 മുതൽ മെയ് 2022 വരെ പ്രാബല്യമുണ്ടായിരിക്കും. ഈ കാലയളവിൽ നിരക്കിൽ വർദ്ധനവ് അനുവദിക്കുന്നതല്ല.

മുദ്രവച്ച ക്വട്ടേഷനുകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ - 3 എന്ന വിലാസത്തിൽ 20/05/2021 തീയതി 2 മണിയ്ക്ക് മുമ്പായി ലഭിച്ചിരിക്കണം. നിശ്ചയിച്ചിട്ടുള്ള സമയത്തിനകം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 4 മണിയ്ക്ക് സന്നിഹിതരായിട്ടുള്ള ക്വട്ടേഷകൻമാരുടെ സാന്നിദ്ധ്യത്തിൽ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്നയാളോ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷൻ മറ്റ് നിബന്ധനകൾക്ക് വിധേയമായി

അംഗീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറക്കുന്ന ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിൽ മുകളിലായി **'കേരളകർഷകൻ – ഡിസൈൻ,ലേ ഔട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിരിക്കണം. പ്രത്യേക കാരണം കാണിക്കാതെ തന്നെ ക്വട്ടേഷനുകൾ സ്വീകരിക്കുവാനും നിരസിക്കുവാനും ക്വട്ടേഷൻ തീയതിയിൽ മാറ്റം വരുത്താനും ക്വട്ടേഷൻ പൂർണ്ണമായി റദ്ദു ചെയ്യുവാനുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്. സംസ്ഥാന സർക്കാർ ക്വട്ടേഷനുകൾക്ക് എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ കേരളകർഷകൻ മാസികയുടെ (മലയാള ഭാഷ) ഡിസൈൻ, ലേ ഔട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| പേര് | |
| വിലാസം | |
| ഫോൺ നമ്പർ | |
| ഇ-മെയിൽ ഐഡി | |
| ആധാർ നമ്പർ | |
| പ്രവർത്തി പരിചയം<br>(i) വർഷം<br>(ii) സ്ഥാപനം | |
| കേരളകർഷകന്റെ ഒരു പേജ് (A4 Size) ഡിസൈൻ, ലേ ഔട്ട് ചെയ്യുന്നതിനുള്ള തുക (അക്കത്തിലും അക്ഷരത്തിലും) | |
| കേരളകർഷകൻ back outer ഉം inner ഉം, front outer ഉം inner ഉം, ഡിസൈൻ, ലേ ഔട്ട് ചെയ്യുന്നതിനുള്ള തുക (അക്കത്തിലും അക്ഷരത്തിലും) | |

FARM INFORMATION BUREAU
KOWDIAR P.O., THIRUVANANTHAPURAM-695003

പിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

Principal Information Officer
Farm Information Bureau
Kowdiar, Thiruvananthapuram-695 003

*To*

*നോട്ടീസ് ബോർഡ്*
*സ്റ്റോക്ക് ഫയൽ.*